# SUMMARY OF VISIT OF HAZRAT KHALIFATHULLAH MUNIR AHMAD AZIM (A) TO THE UNITED KINGDOM

## ഹസ്രത് ഖലീഫത്തുല്ലാഹ് മുനീർ അഹ്മദ് അസീം (അ) നടത്തിയ ലണ്ടൻ സന്ദർശനത്തിന്റെ റിപ്പോർട്ട്

അല്ലാഹുവിന്റെ അനുഗ്രഹത്താൽ, 2014 മുഴുവൻ അല്ലാഹുവിന്റെ അനുഗ്രഹങ്ങളാലും, അത്ഭുതങ്ങളാലും നിറയപ്പെട്ടതായിരുന്നു. അല്ലാഹു (ത) അവന്റെ ഖലീഫയായ ഹസ്രത് മുനീർ അഹ്മദ് അസീം (അ) ന് അദ്ദേഹത്തിന്റെ മേലും ജമാഅത്തുസ്സഹീഹിൽ ഇസ്‌ലാമിന്റെ മേലും അസാധാരണമായ നിലയിൽ അവന്റെ പിന്താങ്ങലും, സഹായവും കാണിക്കുകയുണ്ടായി. ദീർഘകാലമായി അടയ്ക്കപ്പെട്ടു എന്നു കരുതിയിരുന്ന വാതിലുകൾ അല്ലാഹു തുറന്നു തന്നിരിക്കുന്നു. ദൈവീക ഇച്ഛ പ്രകാരമാണ് ഈ വാതിലുകൾ തുറക്കപ്പെട്ടത് ; അല്ലാഹു (ത) അവന്റെ ഖലീഫയ്ക്ക് നൽകിയ പ്രത്യേക നിർദ്ദേശപ്രകാരം അവന്റെ അനന്തമായ ശക്തി പ്രഭാവം കാണിക്കുവാൻ, അവന്റെ ദൈവീക ദൃഷ്ടാന്തത്തിന്റെ സത്യത വെളിപ്പെടുത്തുവാൻ; അതേ ഈ നൂറ്റാണ്ടിൽ, താൻ തെരഞ്ഞെടുത്ത തന്റെ സേവകനായ മുനീർ അഹ്മദ് അസീമി (അ) നെ, ഖലീഫത്തുല്ലാഹ് ആയി നിയമിച്ചതിലൂടെയാണ് അതിന് തുടക്കം കുറിച്ചത്.

ക്ഷമാപൂർണ്ണമായ വർഷങ്ങൾക്ക് ശേഷം, അല്ലാഹു (ത) അവന്റെ ജമാഅത്തിനെ അനുഗ്രഹിച്ചിരിക്കുകയാണ്. വിജയത്തിന്റെ വാതിലുകൾ തുറക്കപ്പെട്ടിരിക്കുന്നു. ജനങ്ങൾ ദൈവീക സന്ദേശം സ്വീകരിക്കുകമാത്രമല്ല ഈ നൂറ്റാണ്ടിലെ ദൈവീക ദൃഷ്ടാന്ത കൂട്ടായ്മയിലേക്ക് പ്രവേശിക്കുകയും ചെയ്തു. അൽഹംദുലില്ലാഹ്. വിശ്വാസരഹിതരായവർക്ക്, വിശ്വാസശൂന്യരായവർക്ക് ജമാഅത്തുസ്സഹീഹിൽ ഇസ്‌ലാം ആവശ്യമില്ല, എന്നാൽ നന്മയിൽ മുന്നേറുന്ന വിശ്വാസികൾക്ക് ഇത് ആവശ്യവുമാണ്; അവർ ഒരു ചെറു സംഘമാണെങ്കിൽ പോലും ! അവരെ കൂടുതൽ കൂടുതൽ ശുദ്ധീകരിക്കുന്നതിനുവേണ്ടി തന്നിലെ സത്തയെ അല്ലാഹു (ത) പ്രകടിപ്പിക്കുന്നതാണ്. അതിലൂടെ, ഇസ്‌ലാമിന്റെ യഥാർത്ഥ സത്യത, അവരിലൂടെ പ്രകടമാക്കുന്നതാണ്. ഇൻശാ അല്ലാഹ് !

യഥാർത്ഥ ഇസ്ലാം വാഗ്ദത്തമസീഹ് ഹസ്രത്ത് മിർസാ ഗുലാം അഹ്മദ് (അ) ന്റെ ജമാഅത്തിന്റെ യഥാർത്ഥ പ്രാതിനിധ്യം, വഹിച്ചുകൊണ്ടുള്ള അല്ലാഹുവിന്റെ ജമാഅത്ത് സ്ഥാപനത്തിന് 2014 സാക്ഷ്യം വഹിക്കുകയുണ്ടായി; യുണൈറ്റഡ് ആരബ് എമിറേറ്റ്സ്, മാലിദ്വീപ്, ശ്രീലങ്ക, റീയൂണിയൻ ഐലന്റ്, സെചെല്ലീസ് മുതൽ റോഡ്ഗ്രിസ് വരെ, അസാധാരണമായ മറ്റൊരു വിജയംകൂടി നൽകിക്കൊണ്ടാണ് അല്ലാഹു (ത) ഈ അനുഗ്രഹീത വർഷത്തിന് സമാപനം കുറിച്ചത് ! ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിന് ത്യാഗമാർഗ്ഗത്തിലെ വമ്പിച്ച ഒരു വിജയവും, അതോടൊപ്പം, ജമാഅത്തിന് മറ്റൊരു വിജയത്തിന്റെ പരമകാഷ്ഠയിലെത്തുവാനുള്ള അവസരവും ലഭിക്കുകയുണ്ടായി. അത് ഹസ്രത് ഖലീഫത്തുല്ലാഹ് മുനീർ അഹ്മദ് അസീം (അ) നടത്തിയ ഈ അടുത്ത സമയത്തെ ലണ്ടൻ സന്ദർശനമാണ് !

ബ്രിട്ടണിലെ ഈ സന്ദർശനം മാനവിക സേവനം മാത്രമായിരുന്നില്ല; മറിച്ച്, ദഅ്‌വ/തബ്‌ലീഗ് രംഗത്തും പുതുവാർത്തകൾ കൊണ്ടു വന്നു; അതോടൊപ്പം ജമാഅത്ത് രൂപീകരണ വിജയവും പ്രദാനം ചെയ്യുകയുണ്ടായി.

2014 ഡിസംബർ 20 ന് മൗറീഷ്യസിൽ നിന്നും ലണ്ടനിലേക്ക് തിരിച്ചു. ഖലീഫത്തുല്ലായും കുടുംബവും ലണ്ടൻ സമയം 18:10 ന് അവരുടെ ലക്ഷ്യസ്ഥാനത്ത് എത്തിച്ചേർന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ബഹുമാന്യനായ ഡുല്ലൂവും കുടുംബവും അവരെ ഊഷ്മളമായി വരവേറ്റു. ഗൃഹാതുരത്വം അനുഭവപ്പെട്ട നിമിഷങ്ങൾ ! തങ്ങളുടെ അതിഥികൾക്ക് തങ്ങുവാൻ, അവരുടെ ചെറു ലോകം ത്യാഗം ചെയ്തപ്പോൾ, ഖലീഫത്തുല്ലാഹ്‌യും കുടുംബവും സസന്തോഷം അവിടെ തങ്ങി. ഖലീഫത്തുല്ലാഹ് ദിവസവും അവർക്ക് വേണ്ടി പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്നു. സ്നേഹവും സൗഹൃദവും ചൊരിഞ്ഞ അവരുടെ നിർമ്മല ഹൃദയങ്ങൾക്ക്, അല്ലാഹു ഇരുലോകത്തും തക്കപ്രതിഫലം നൽകുമാറാകട്ടെ ! ആമീൻ.

അൽഹംദുലില്ലാഹ് ! മരംകോച്ചുന്ന തണുപ്പുകാലം ! എന്നിരുന്നാലും ഖലീഫത്തുല്ലാഹ്‌യും കുടുംബവും കൃത്യമായി ഉണർന്ന് തഹ്ജ്ജുദ് നമസ്ക്കാരത്തിന് ശേഷം ഫജ്ർ നമസ്ക്കാരവും നിർവ്വഹിച്ച ശേഷം, വിശുദ്ധ ഖുർആനും പരിഭാഷയും വായിക്കുകയും ദുആ ചെയ്യുകയും ചെയ്യുന്ന നിത്യമുള്ള ചര്യയ്ക്ക് മാറ്റമൊന്നുമുണ്ടായില്ല.

## A MISCONCEPTION ABOUT THE SPLIT IN THE JAMAAT CLEARED
## ജമാഅത്തു പിണക്കം സംബന്ധമായ തെറ്റിധാരണ നീക്കം ചെയ്തു.

ഖലീഫത്തുല്ലാഹ് ലണ്ടനിലായിരിക്കുമ്പോൾ, ചില അഹ്മദി സഹോദരന്മാരെയും, സഹോദരിമാരെയും കാണുകയുണ്ടായി; അതിൽ ചിലർ ഗുസൂർ (അ) നോട് പറഞ്ഞു. **" അതായത് അവർ കേട്ടു അതായത് താങ്കൾ ദൈവമാണെന്ന് വാദിക്കുന്നുണ്ട് എന്ന് ; ഭൂമിയിൽ ദൈവം വന്നിരിക്കുകയാണ് എന്നും"** ഇത് കേട്ട് ഹുസൂർ (അ) അത്ഭുതപ്പെടുകയും, അൽപം കഠിനസ്വരത്തിൽ അവരോട് ചോദിച്ചു, ഇത്തരം ഒരു കള്ളം നിങ്ങൾക്ക് എങ്ങനെ വിശ്വസിക്കുവാൻ കഴിഞ്ഞു ? തുടർന്ന് ദൈവീക വെളിപാട് സംബന്ധമായ വിഷയം ചർച്ചാവിഷയമായി. ചോദ്യ കർത്താക്കളിൽ ചിലർ, ദൈവീക വെളിപാടുകൾ ഇറങ്ങുന്നത്, അല്ലാഹുവിന്റെ ഭാഗത്തുനിന്നുള്ള ഒരനുഗ്രഹ മായി അവർ കാണുകയും വിശ്വസിക്കുകയും ചെയ്യുന്നു. വാഗ്ദത്തമസീഹ് (അ) ന്റെ ജമാഅത്തിനുമേലുള്ള അല്ലാഹുവിന്റെ അനുഗ്രഹപ്രകടനമാണ്. ദൈവീകദൃഷ്ടാന്തത്തെക്കുറിച്ച് ഹുസൂർ (അ) അവർക്ക് വിശദീക രിച്ചു കൊടുത്തു. ഇസ്ലാമിന്റെ അധ്യാപനത്തിൽ നിന്ന് അണുകിട വ്യതിചലിക്കാത്തതും, വാഗ്ദത്തമസീഹ് (അ) പഠിപ്പിച്ചതും അതുതന്നെയാണ് എന്നും വ്യക്തമാക്കപ്പെട്ടപ്പോൾ, അവർ ആശ്വാസം കൊണ്ടു. ഖലീഫത്തുല്ലാഹ് എന്ന വ്യക്തിയിൽ ഇത്തരം കള്ളങ്ങൾ കെട്ടിച്ചമയ്ക്കുന്നതും പ്രചരിപ്പിക്കുന്നതും എന്തിനാണെന്ന് അവർക്ക് മനസ്സിലാകുന്നില്ല. ഇത് മൗറീഷ്യസിൽ നിന്ന് തന്നെയാണ് ; അത് ബ്രിട്ടനിലും എത്തിച്ചേർന്നു എന്നു മാത്രം ! ജമാ അത്ത് അഹ്മദിയാ ഹെഡ്ക്വാർട്ടേഴ്സിലും, അവിടുത്തെ അഹ്മദിയാ മുസ്ലീംങ്ങളിലും ഇത് പടർന്നു. ഈ കാലഘട്ടത്തിലെ അല്ലാഹുവിന്റെ ഖലീഫയേയും, ദൈവീക ദൃഷ്ടാന്തത്തെയും തിരിച്ചറിയുകയും അംഗീകരി ക്കുകയും ചെയ്തതിന്റെ പേരിൽ, അവിടെ മൗറീഷ്യസിൽ, ബഹിഷ്ക്കരണം ഏർപ്പെടുത്തിയിരിക്കുന്ന കാര്യ ത്തെക്കുറിച്ചും അവർക്ക് അറിവില്ലായിരുന്നു.

2000 ഡിസംബർ മുതൽ 2014 ഡിസംബർ വരെയുള്ള 14 വർഷത്തെ സംഭവ പരമ്പരകളുടെ രത്നചു രുക്കം ഹുസൂർ (അ) അവർക്ക് നൽകുകയുണ്ടായി. അത് അവരെ അമ്പരപ്പിക്കുകയും ചിന്താകുഴപ്പത്തിലാക്കി തീർക്കുകയും ചെയ്തു. അവരിൽ ചിലർ നമ്മുടെ ഔദ്യോഗിക വെബ്സൈറ്റ് ഉള്ളടക്കങ്ങൾ വായിക്കാമെന്നും, നാമുമായി ബന്ധപ്പെടാമെന്നും വാഗ്ദാനം ചെയ്യുകയുണ്ടായി.

## A LESSON TAUGHT TO THE AHMADIS IN THE UK AND STRENGTHENING OF BONDS
## യു.കെ. അഹ്മദികൾക്ക് ഒരു പാഠം നൽകുകയും, അവരുമായുള്ള ബന്ധത്തിന് ശക്തിപകരു കയും ചെയ്യുന്നു.

അൽഹംദുലില്ലാഹ് ! അവരുമായുള്ള ദഅ്വാ മിഷൻ - ന്റെ ഭാഗമായി, ഖലീഫത്തുല്ലാഹ്യും കുടുംബാംഗ ങ്ങളും, ഒരു അഹ്മദിയ്യാ മുസ്ലീം പള്ളിയിൽ പോകുവാനുള്ള അവസരമുണ്ടായി. അവിടെ ഖലീഫത്തു ല്ലാഹ്യോട് വളരെ വലിയ വിരോധം പ്രകടമാക്കിയ കുറേ അഹ്മദീ മുസ്ലീംങ്ങളെ അഭിമുഖീകരിക്കുകയുണ്ടായി. അവരോട് സലാം പറഞ്ഞിട്ട് തിരിച്ചു മടക്കുകയുണ്ടായില്ല. അവരുടെ പെരുമാറ്റത്തെക്കുറിച്ച്, അവർക്കൊരു ക്ലാസ് എടുക്കുകയുണ്ടായി; **"എല്ലാവരോടും സ്നേഹം ആരോടുമില്ല വെറുപ്പ്"** എന്ന സുപ്രസിദ്ധ സന്ദേശത്തിന് ഒട്ടും യോജിക്കുന്നതല്ല നിങ്ങളുടെ പെരുമാറ്റം എന്നവരെ ഉണർത്തുകയുണ്ടായി. ഹുസൂർ (അ) ന്റെ ക്ലാസിന് ശേഷം അവരുടെ തെറ്റ് അവർ അംഗീകരിച്ചു. യഥാർത്ഥ സാഹോദര്യത്തോടെ അവർ ഹുസൂറിനെ ആലിംഗനം ചെയ്തു. അനിസ്ലാമികമായ അവരുടെ പ്രകടനത്തിന് സാക്ഷ്യം വഹിച്ചിരുന്ന മറ്റുള്ളവരും (സലാം പറയുകയും മടക്കുകയും ചെയ്യാതിരിക്കുക എന്നതും പള്ളിയിൽ അതിഥികളെ സ്വീകരിക്കാതിരുന്നതും) മാപ്പുചോദിക്കു കയും, ഹുസൂറിന്റെയും കുട്ടികളുടെയും ദീർഘായുസിനുവേണ്ടി അവർ ദുആ ചെയ്യുകയും ചെയ്തു. ഹുസൂർ അവർക്ക് പകർന്ന് നൽകിയ പാഠം നല്ല നിലയിൽ ഉൾക്കൊള്ളുകയും, അപ്പോൾ മുതൽ അവർ വളരെ ആദര പൂർവ്വം പെരുമാറുകയും, ഹുസൂറിനും കുടുംബത്തിനും പള്ളിയിലേക്ക് ഏതു സമയത്തും വരാമെന്നും, അതു പോലെ ഹുസൂറിനും കുടുംബത്തിനും താമസിക്കുവാൻ പള്ളിയിൽ ഒരു സ്ഥലം എല്ലാവിധ സൗകര്യങ്ങളോ ടെയും നൽകാമെന്നും പറയുകയുണ്ടായി. പള്ളിയുടെ **'വാതിൽ കോഡ്'** നൽകാമെന്നു പറയുകയും, അങ്ങ

നെയായാൽ, വീണ്ടും വരുവാൻ ആഗ്രഹിക്കുമ്പോൾ, ഏത് സമയത്തും വരുന്നതിന് ഒരു പ്രശ്നവും ഉണ്ടാവുകയില്ല എന്നും പറയുകയുണ്ടായി. അൽഹംദുലില്ലാഹ് ! സുമ്മ അൽഹംദുലില്ലാഹ് ! ഹുസൂർ (അ) വികാരഭരിതനായി തീർന്നു ; കാരണം തന്റെ പ്രബോധനം പാഴായിപ്പോയില്ലല്ലോ എന്നോർത്ത് !

യു.കെ.യിലെ ചില അഹ്മദികൾ ഹുസൂർ (അ) നെയും കുടുംബത്തെയും അറിയിക്കുകയുണ്ടായി. ഈ പള്ളി താമസിയാതെ പൊളിച്ചുമാറ്റുമെന്നും പകരം പുതിയ ഒരു പള്ളി നിർമ്മിക്കുന്നതാണെന്നും. ഹുസൂർ (അ) പിന്നീട് ഒരു ചെറിയ സദസ്സിൽ, പള്ളിയിൽ വച്ച് ദുആ ചെയ്യുകയുണ്ടായി ; അല്ലാഹുവിനോട് കേണപേക്ഷിക്കുകയുണ്ടായി. ഒരിക്കൽ എല്ലാ സത്യവാന്മാരും, നിഷ്കളങ്കരുമായ അഹ്മദീ മുസ്ലീംകൾ ദൈവീക ദൃഷ്ടാന്തം മനസ്സിലാക്കുകയും, അദ്ദേഹത്തിന്റെ ആഗമനം അവർക്ക് വേണ്ടി, ഒരു നിഷ്കളങ്ക സഹോദരൻ എന്ന നിലയിലും, ഈ കാലത്തിലെ പരിഷ്ക്കർത്താവ് എന്ന നിലയിലുമാണ് എന്നും മാത്രമല്ല മുഴുവൻ മനുഷ്യകുലത്തിനും വേണ്ടിയാണ് എന്നതും സത്യമാണ് എന്നവർ മനസ്സിലാക്കുന്നതാണ് ! ഇൻശാ അല്ലാഹ്!

## SPECIAL PROGRAMMES IN THE UK AND JUMAH
## യു.കെ.യിലെ പ്രത്യേക പരിപാടികളും ജുംആയും

അൽഹംദുലില്ലാഹ് ! 2 ചെറിയ പ്രസംഗങ്ങൾ 10 മിനിറ്റ് വീതം ലീട്ടൻ ഹാളിലും ഹാൻവെൽ സ്ക്കൗട്സിലും നിർവ്വഹിക്കുവാനുള്ള അവസരം ഹുസൂർ (അ) ന് ലഭിച്ചു.

യു.കെ.യിൽ രണ്ട് വെള്ളിയാഴ്ച ഖുത്തുബകൾ നിർവ്വഹിക്കുവാനുള്ള അവസരവും ലഭിച്ചു. 26.12.2014 ൽ നടത്തിയ ആദ്യ ഖുത്തുബയിൽ, നമ്മുടെ ഏറ്റവും സമീപത്തു സ്ഥിതി ചെയ്യുന്ന മരണസമയത്തെക്കുറിച്ച് എപ്പോഴും ഒരു വിശ്വാസി ബോധവാനായിരിക്കണമെന്ന് ഉത്ബോധിപ്പിക്കുകയുണ്ടായി. അതെ ! ഏറ്റവും ബുദ്ധിമാനായ മനുഷ്യൻ, മരണത്തെ ഓർക്കുകയും അതിനായി തയ്യാറാവുകയും ചെയ്യുന്നവനാണ്. (ഹദീസ് ഇബ്ന് മാജ)

02.01.2015 ൽ നടത്തിയ ജും ആ ഖുത്തുബ ഹസ്രത് മുഹമ്മദ് (സ)യുടെ ജീവചരിത്രത്തിലേക്ക് വെളിച്ചം വീശുന്നതായിരുന്നു. പ്രസംഗാവസാനം, ഹുസൂർ (അ) യോജിപ്പിലേക്കുള്ള ക്ഷണം നടത്തുകയുണ്ടായി, മാനവ സമൂഹം ഒന്നായിരിക്കണം ; അത് മൗറീഷ്യസിലായാലും യു.കെ.യിലായാലും ; ഓരോരുത്തരും യോജിപ്പിനു വേണ്ടിയായിരിക്കണം പരിശ്രമിക്കേണ്ടത്.

## LETTERS TO THE KHALIFATHUL MASIH V, HAZRAT MIRZA MASROOR AHMAD SAHIB - A CALL FOR UNITED BROTHERHOOD
## യോജിച്ച സാഹോദര്യത്തിലേക്ക് ക്ഷണം – ഖലീഫത്തുൽ മസീഹ് ഖാമിസ്, ഹസ്രത് മിർസാ മസ്റൂർ അഹ്മദ് സാഹിബിന് അയച്ച കത്തുകൾ

യോജിപ്പിന്റെ പാഠം ഉൾക്കൊണ്ടു കൊണ്ട് ഹുസൂർ ഒരു കത്തയ്ക്കുകയുണ്ടായി - സാഹോദര്യത്തിലേക്കും യോജിപ്പിലേക്കുമുള്ള ക്ഷണകത്ത് - വർഷങ്ങളായി, മൗറീഷ്യസിലെ അഹ്മദിയ്യാ മുസ്ലീംങ്ങളുടെ ഹൃദയങ്ങളെയും സ്വഭാവത്തെയും ഭരിക്കുന്നത് അനിസ്ലാമികമായ ബഹിഷ്ക്കരണ നടപടിയാണ് - ഇത് അവസാനിപ്പിക്കുവാനുള്ള ഒരു ക്ഷണം - അഹ്മദിയ്യാ മുസ്ലീം സമുദായത്തിന്റെ ഖലീഫത്തുൽ മസീഹ് 5-ാമനോട് ഇതാവശ്യപ്പെടുന്നതിനുവേണ്ടി, ഖലീഫത്തുൽ മസീഹ് 5-ാമനെ നേരിട്ട് കാണുവാൻ ഹുസൂർ ആഗ്രഹിച്ചു. അത് പോലെ എന്തെങ്കിലും തെറ്റിധാരണകളോ മറ്റോ ഖലീഫത്തുൽ മസീഹ് നാലാമന്റെ കാലം മുതൽ വളർന്നു വന്നിട്ടുണ്ടെങ്കിൽ അത് നീക്കം ചെയ്യുന്നതിനുവേണ്ടിയുമാണ് ഈ സന്ദർശനത്തിലൂടെ ഉദ്ദേശിച്ചിരുന്നത്.

ഹസ്രത് മസീഹ് മൗഊദ് (അ) ഉം തന്റെ ആളുകൾക്കിടയിൽ യോജിപ്പ് ആഗ്രഹിച്ചിരുന്നു. അദ്ദേഹത്തിന്റെ അവസാന പുസ്തക രചനയ്ക്ക് പിന്നിൽ ഈ വികാരമായിരുന്നു നിഴലിച്ചിരുന്നത്. **"സമാധാന സന്ദേശം"** (പൈഗാമെ സുൽഹ്) ഹസ്രത് മുഹ്യിദ്ദീൻ, ഖലീഫത്തുല്ലാഹ്, മുനീർ അഹ്മദ് അസീം (അ) ഉം ഈ ആവശ്യം ഉൾക്കൊണ്ട് കൊണ്ട്, വർഷങ്ങൾക്കുശേഷം, അതിന് വേണ്ടി ഒരവസരം സൃഷ്ടിക്കുകയായിരുന്നു. തെറ്റിദ്ധാരണകളുടെയും മോശവികാരങ്ങളുടെയും ഐസ്കട്ട പൊട്ടിക്കുവാനായി ; ഇസ്ലാം മതത്തിന്റെ ശ്രേയസ്സിനും

മുന്നോട്ടുള്ള കുതിപ്പിനുമായി ; അങ്ങനെ ഒരു യഥാർത്ഥ മുസ്ലീമിനെ പോലെ അല്ലാഹുവിനോട് പറ്റിച്ചേർന്നു നിന്നുകൊണ്ട്, സമാധാനത്തിനുവേണ്ടിയുള്ള ആദ്യ കാൽവയ്പ്, തന്നോട് പിണങ്ങി നിൽക്കുന്ന വിശ്വാസി സഹോദരനോട്, ഹസ്രത് മിർസാ മസ്റൂർ അഹ്മദ് സാഹിബിനോട് നടത്തുകയുണ്ടായി. എന്നാൽ ദൗർഭാഗ്യവശാൽ, എഴുത്തു അയച്ചിട്ടും, പ്രൈവറ്റ് സെക്രട്ടറി മുനീർ ജാവേദ് സാഹിബിന്റെ ഓഫീസിൽ പലവട്ടം വിളിച്ചിട്ടും, ഒരു പ്രത്യേക കൂടിക്കാഴ്ചക്കുള്ള ഒരു മറുപടിയും നൽകിയില്ല; പ്രത്യേകിച്ച് ഹുസൂർ (അ) ന് രണ്ട് ദിവസത്തിനകം മൗറീഷ്യസിലേക്ക് മടങ്ങേണ്ടതുണ്ടായിരുന്നിട്ടും. ഖലീഫത്തുൽ മസീഹുമായി, ഒരു പ്രത്യേക കൂടിക്കാഴ്ചക്കുള്ള അഭ്യർത്ഥന, പ്രൈവറ്റ് സെക്രട്ടറി ആഫീസിലെ ബശീർ സാഹിബിനെയും സലീം സാഹിബിനെയും ഏൽപ്പിക്കുകയുണ്ടായി; അതുപോലെ തന്നെ, വളരെ വിനയപൂർവ്വം ഒരഭ്യർത്ഥനയും നടത്തുകയുണ്ടായി; അതായത് മുനീർ ജാവേദ് സാഹിബ് ഖലീഫത്തുല്ലാഹ്യെ തിരിച്ചു വിളിക്കുന്നതിനായി യു.കെ.യിലെ ഒരു മൊബൈൽ ഫോൺ നമ്പരും നൽകുകയുണ്ടായി. ബശീർ സാഹിബും സലീം സാഹിബും ഈ സന്ദേശം എത്തിച്ചോ എന്ന് ഏറ്റവും നന്നായി അറിയുന്നവൻ അല്ലാഹു മാത്രമാണ്. എന്നാൽ പ്രൈവറ്റ് സെക്രട്ടറി ഒരു കൂടിക്കാഴ്ചക്കായി തിരിച്ചു വിളിച്ചില്ല. പ്രത്യേകിച്ച്, ജമാഅത്തുസ്സഹീഹിൽ ഇസ്ലാം, ഖലീഫത്തുല്ലാഹ് ഒരു ചെറു വിവരണം നൽകിയതുമാണ് ; അതായത് ഖലീഫത്തുൽ മസീഹുമായുള്ള ഈ കൂടിക്കാഴ്ച ഒരു സൗഹൃദ കൂടിക്കാഴ്ച മാത്രമാണ്; സാഹോദര്യത്തിലധിഷ്ഠിതമായ കൂടിക്കാഴ്ച, കാരണം യു.കെ.യിലെ ഹുസൂറിന്റെ താമസം പരിമിത ദിവസങ്ങൾ മാത്രമാണ്.

ആയതിനാൽ, രാജ്യം വിടുന്നതിനുമുമ്പ്, ഹുസൂർ (അ) മറ്റൊരു കത്തെഴുതി; അത് കൈകൊണ്ട് എഴുതിയ കത്തായിരുന്നു. ആ കത്തിൽ, ഖലീഫത്തുൽ മസീഹ്; സാഹോദര്യത്തിലധിഷ്ഠിതമായ തന്റെ കത്തിനും ടെലഫോൺ വിളിക്കും ഉത്തരം ചെയ്യാത്തതിലുള്ള ഖേദം പ്രകടിപ്പിക്കുകയുണ്ടായി. എന്നിരുന്നാൽ കൂടി, ഖലീഫത്തുൽ മസീഹിനു വേണ്ടി ദു ആ ചെയ്തു. അതായത് അല്ലാഹു (ത) ശത്രുതയുടെ എല്ലാ മൂടുപടങ്ങളെയും നീക്കം ചെയ്യട്ടെ; സംശയങ്ങളെല്ലാം ദൂരികരിക്കട്ടെ ; ഈ നൂറ്റാണ്ടിലെ ദൈവീക ദൃഷ്ടാന്തത്തെക്കുറിച്ചുള്ള എല്ലാ അവിശ്വാസവും നീക്കട്ടെ !

## TABLIGH EFFORTS CROWNED WITH SUCCESS
## തബ്ലീഗ് പ്രവർത്തനങ്ങൾ വിജയകിരീടമണിയുന്നു.

അൽഹംദുലില്ലാഹ് ഖലീഫത്തുല്ലാഹ്യുടെ പ്രയത്നത്തിലൂടെ, തന്റെ ദൗത്യം വിജയത്തിലേക്ക് നീങ്ങി. ലണ്ടനിൽ കൊടും തണുപ്പായിരിന്നിട്ടും അദ്ദേഹം അനേകം ആളുകളുമായി ആശയവിനിമയം നടത്തി. പലരും പലസാഹചര്യങ്ങളിൽ നിന്നുള്ളവരായിരുന്നു. മുസ്ലീംകൾ ഉൾപ്പടെ വിവിധ മതങ്ങളിൽ പെട്ടവരുണ്ടായിരുന്നു. അൽഹംദുലില്ലാഹ് ! അല്ലാഹുവിന്റെ അപാരമായ അനുഗ്രഹത്താൽ, മൂന്നു കുടുംബങ്ങൾ, സിദ്ദീഖി (പാകിസ്ഥാൻ), മൻസൂർ അൽജൗദീ (സൗദി അറേബ്യ) അലി സാദിർ (ഇറാൻ), അല്ലാഹു തെരഞ്ഞെടുത്ത ഖലീഫയുമായി കൂടിക്കാഴ്ച നടത്തിയതിനെ തുടർന്ന്, അദ്ദേഹവുമായി സംസാരിച്ച ശേഷം, അദ്ദേഹത്തിന്റെ സത്യവാദിത്വം ബോധ്യപ്പെടുകയും തുടർന്ന് ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിൽ പ്രവേശിക്കുകയുമുണ്ടായി. പിറ്റേദിവസം, അല്ലാഹു (ത) തന്റെ ദൃഷ്ടാന്തം വീണ്ടും പ്രകടമാക്കി ; രണ്ട് കുടുംബങ്ങൾ കൂടി ജമാഅത്തിൽ പ്രവേശിച്ചു ; അതോടൊപ്പം മൂന്ന് വ്യക്തികളും! അവർക്ക് അല്ലാഹുവിൽ നിന്നുള്ള വ്യക്തമായ അടയാളം ലഭിച്ചിരുന്നു. പിന്നീട് എല്ലാവരെയും ചേർത്ത് ഒരു ചോദ്യോത്തര സദസ്സ് സംഘടിപ്പിച്ചു. അതേ തുടർന്ന്, അൽപവും സമയം പാഴാക്കാതെ, യു.കെ.യിലും സ്ക്വാട്ട്ലന്റിലും ജമാഅത്തിന്റെ നടത്തിപ്പ് സംബന്ധമായി ഗൗരവപൂർവ്വം ചർച്ച ചെയ്തു. അൽഹംദുലില്ലാഹ് ! ഇംഗ്ലണ്ടിനും സ്ക്വാട്ട്ലന്റിനും വേണ്ടി ഹുസൂർ (അ) ഒരു അമീറിനെ നിയമിക്കുകയും ചെയ്തു.

## THE MISSION CONTINUES

## ദൗത്യം തുടരുന്നു

ഹുസൂർ (അ) തബ്‌ലീഗ് പ്രവർത്തനം തുടർന്നുകൊണ്ടിരുന്നു. അദ്ദേഹം ബംഗ്ളാദേശികളെയും, അൾജീരിയൻസിനെയും അറബികളെയും (ഖത്തർ), കെനിയൻസിനെയും, സോമാലിയൻസിനെയും, ഇംഗ്ലണ്ടുകാരെയും കാണുകയുണ്ടായി. അദ്ദേഹം തന്റെ സന്ദേശം അവരിലെത്തിച്ചു. ഈ കാലഘട്ടത്തിലെ വിശ്വാസ നവീകരണത്തിനായി നിയോഗിക്കപ്പെട്ട ആളാണെന്ന് പരസ്യമായി പ്രഖ്യാപിച്ചു. ചിലർ തികച്ചും അത്ഭുതപരതന്ത്രരായി; മറ്റു ചിലർ ഈ സന്ദേശത്തെ സ്വാഗതം ചെയ്തു. മത നവീകരണാർത്ഥം അല്ലാഹു ആളെ നിയോഗിക്കുന്നതിന്, അവർ എതിരല്ലായിരുന്നു. ഇസ്‌ലാമിനെ പരിഷ്ക്കരിക്കുന്നതിന് ! ദഅ്‌വ / തബ്‌ലീഗ്നായി ഹുസൂർ (അ) പോയ മറ്റു സ്ഥലങ്ങളിൽ പ്രധാന കേന്ദ്രം സൗത്ത് ഹാൾ ആയിരുന്നു; അനേകം ആളുകൾ ഈ സന്ദേശം സ്വീകരിക്കുകയുണ്ടായി; സന്തോഷപൂർവ്വം അവർ സ്വാഗതം ചെയ്യുകയും ചെയ്തു. അഫ്ഗാൻ ജനങ്ങളെയും ഹുസൂർ (അ) അഭിമുഖീകരിക്കുകയുണ്ടായി. ഇസ്‌ലാമിനെ നവീകരിക്കുവാൻ ദൈവത്തിൽ നിന്നും ഒരാൾ വരുന്നതിനെ അവർ അംഗീകരിക്കുന്നില്ല; ഖുർആനിൽ പറഞ്ഞിട്ടുണ്ടെങ്കിലും ! എന്നാൽ തബ്‌ലീഗിൽ ഉടനീളം, ഇസ്ലാമിനെപ്പറ്റിയുള്ള അവരുടെ അഭിപ്രായം സമർപ്പിക്കുന്നതിൽ വളരെ തൽപ്പരരായിരുന്നു. ഇസ്ലാമിനെ തുടർന്നും എങ്ങനെ പുരോഗതിയിലെത്തിക്കാം ? മുസ്‌ലീംകൾ എല്ലാവരും എങ്ങനെ ഒന്നായിതീരും ? അവർ എങ്ങനെ ഭിന്നിക്കാതിരിക്കും ? അപ്പോൾ ഹുസൂറിന്റെ പ്രഖ്യാപനത്തെ അവർ സ്വാഗതം ചെയ്തു. നമുക്ക് എങ്ങനെയാണ് എല്ലാവരെയും സ്നേഹിക്കുവാൻ കഴിയുന്നത് ? ആരെയും വെറുക്കാതിരിക്കുവാൻ എങ്ങനെ കഴിയും ? എങ്ങനെ മുസ്ലീംങ്ങൾക്ക് മൊരടന്മാരാകാതിരിക്കുവാൻ കഴിയും ? ഇസ്‌ലാമിലെ ആളുകൾക്ക് ഒരു കുടുംബമായി എങ്ങനെ കഴിയാൻ സാധിക്കും ? വളരെ രസകരമായ തബ്‌ലീഗ് പ്രവർത്തനത്തിനും പ്രഖ്യാപനത്തിനും ശേഷം, അവരെല്ലാം ബന്ധപ്പെടാമെന്ന് വാഗ്ദാനം ചെയ്യുകയുണ്ടായി. അല്ലാഹു (ത) അവരുടെ ഹൃദയങ്ങളെ സമ്പൂർണ്ണമായി തുറക്കുമാറാകട്ടെ ! അങ്ങനെ ദൈവീക പ്രകാശം അവരിലേക്ക് തുളച്ചു കയറട്ടെ ! അങ്ങനെ അല്ലാഹുവിന്റെ ജമാഅത്തിൽ വസിക്കേണ്ടതിന്റെ ആവിശ്യകത അവർ മനസ്സിലാക്കട്ടെ ! ഖലീഫത്തുല്ലാഹ്‌യുടെ നേതൃത്വത്തിൻകീഴിൽ ! അങ്ങനെ അവർക്ക് ഇരുലോകത്തിലെയും പരമാവധി അനുഗ്രഹങ്ങൾ നുകരുവാൻ കഴിയുമാറാകട്ടെ ! ഒരു ദൈവദൂതന്റെ സാന്നിദ്ധ്യത്തിൽ, ഈ നൂറ്റാണ്ടിന്റെ പ്രത്യേക സാഹചര്യത്തിൽ, അല്ലാഹുവിന് വേണ്ടി അവർക്കുള്ളതെല്ലാം സമർപ്പിക്കുന്നതിലൂടെയാണ് ആ അനുഗ്രഹങ്ങൾ അവർക്ക് സ്വായത്തമാകുന്നത് ! ഇൻശാ അല്ലാഹ് ആമീൻ.

**ജമാഅത്തുസ്സഹീഹിൽ ഇസ്ലാം** **10 ഫെബ്രുവരി 2015**


<u>**Translated& Issued By**</u>
**R. Jamaludin Raother**
**Amir**
Jamaat-Ul-Sahih-Al-Islam, Kerala South Zone

*Ph: 9447001832 / 0475 2220223*
*Email : jamal.raother@gmail.com*
*www.jamaat-ul-sahih-al-islam.com*


*******